:

**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1632      21/01/2014-ൽ മറുപടിയ്ക്ക്

**ഹൈ-ടെക് കൃഷി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, കെ. അജിത്<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ. എസ്. ബിജി മോൾ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിൽ ഹൈ-ടെക് കൃഷി (ഗ്രീൻ ഹൗസ്) പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, എന്നാണു തീരുമാനിച്ചത്; | എ) സംസ്ഥാനത്ത് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ഹൈടെക് ഫാമിംഗ് പദ്ധതി 20-08-2013-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(ആർ.റ്റി.)1498/2013/എഡി പ്രകാരം നടപ്പിലാക്കിവരുന്നു. 2012-13 സാമ്പത്തിക വർഷം മുതലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| ബി) പ്രസ്തുത പദ്ധതി എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ 14 ജില്ലകളിലും ഹൈടെക് ഫാമിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| സി) ഇതു സംബന്ധിച്ച് എം.എൽ.എ.മാർ നൽകിയ നിർദ്ദേശങ്ങളനുസരിച്ച് ഏതെങ്കിലും സ്ഥലത്ത് ഹൈ-ടെക് കൃഷി ആരംഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ? | സി) നൂതനമായ ഈ കൃഷി രീതി അവലംബിക്കുവാൻ തയ്യാറായ കർഷകരെ ജന പ്രതിനിധികളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചു കൊണ്ടാണ് തിരഞ്ഞെടുത്തിട്ടുളളത്. |

**സെക്ഷൻ ഓഫീസർ**